# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.709

02/11/2011 ൽ
മറുപടിക്ക്

**ആദ്ധ്യാപക പാക്കേജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ. എ.കെ.ബാലൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. രാജു എബ്രഹാം | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട് അദ്ധ്യാപക സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; അവ അംഗീകരിച്ചുകൊണ്ടാണോ അദ്ധ്യാപക പാക്കേജിന് മന്ത്രിസഭ അംഗീകാരം നൽകിയിരിക്കുന്നത്;<br><br>(ബി) അല്ലെങ്കിൽ അംഗീകരിച്ചിട്ടില്ലാത്ത ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു;<br><br>(സി) പ്രസ്തുത ആവശ്യങ്ങൾ പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണ്; | (എ) യും (ബി) യും (സി) യും<br><br>അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുമായി 16/8/11 ലും 14/9/11 ലും ചർച്ച നടത്തിയിട്ടുണ്ട്. ചർച്ചയുടെ അടിസ്ഥാനത്തിൽ സംഘടനകളുമായി ഒരു പൊതുധാരണ എത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽകൂടിയാണ് മന്ത്രിസഭ പാക്കേജിന് അംഗീകാരം നൽകിയത്. സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങൾ അടങ്ങുന്ന ചർച്ചയുടെ നടപടികുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയുമ്പോൾ സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പി.എസ്.സി.വഴി നിയമനം നടത്താത്തത് എന്തുകൊണ്ടാണ്? | (ഡി) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയുന്നതുമൂലം സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പി.എസ്.സി വഴിതന്നെയാണ് നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

12/08/2011 ലെ ജി.ഒ. (പി) നം. 174/11/പൊ.വി. പ്രകാരം രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി അധ്യാപക സംഘടന പ്രതിനിധികളുമായി 16/08/2011-ൽ നടത്തിയ ചർച്ചയുടെ നടപടിക്കുറിപ്പ്.

സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുന്നതിനുതകുംവിധം അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നതിനെക്കുറിച്ചും എയ്ഡഡ് മേഖലയിലെ ശമ്പളമില്ലാതെ ജോലി നോക്കുന്ന അധ്യാപകരുടെ പ്രശ്നങ്ങളും സംബന്ധിച്ച് ചീഫ് സെക്രട്ടറി അധ്യക്ഷനായിട്ടുള്ള സമിതിയുടെ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ എല്ലാ പേരുടേയും അറിവിലേയ്ക്കായി സർക്കാർ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നുവെന്നും അതിലൂന്നി നിന്നുള്ള പൊതു ചർച്ചയാണു പ്രതീക്ഷിക്കുന്നതെന്നും മുഖവുരയായി മന്ത്രിസഭാ ഉപസമിതിയുടെ കൺവീനറും യോഗ അദ്ധ്യക്ഷനുമായിരുന്ന ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി അറിയിച്ചു.

ചർച്ചയിൽ പങ്കെടുത്ത സംഘടനാ നേതാക്കളെല്ലാപേരും അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്ന റിപ്പോർട്ടിലെ നിർദ്ദേശത്തേയും എയ്ഡഡ് മേഖലയിലെ അധ്യാപകരുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുന്ന, ഒഴിവു കണക്കാക്കി സർക്കാർ അനുമതിയോടെയുള്ള നിയമനരീതി അവലംബിക്കുന്ന നിർദ്ദേശത്തേയും സ്വാഗതം ചെയ്തു. രാജ്യത്ത് നിലവിൽ വന്ന വിദ്യാഭ്യാസ അവകാശനിയമത്തിന്റെ സന്തതിയാണീ പാക്കേജ് എന്ന വിലയിരുത്തലും ഉണ്ടായി. ഹെഡ്മാസ്റ്റർമാരെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി ഉയർത്തുന്ന നിർദ്ദേശം വളരെ നാളായി നിലനിൽക്കുന്ന ഈ ആവശ്യത്തിന് പരിഹാരമാകും. എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന അഴിമതിക്കും കച്ചവട താല്പര്യങ്ങൾക്കും അറുതി വരുത്തുവാൻ ഈ റിപ്പോർട്ട് സഹായകരമാകുമെന്ന് ചർച്ചയിൽ അഭിപ്രായമുയർന്നു.

അതിനായി ഈ പാക്കേജ് നടപ്പാക്കുന്നതിനോടൊപ്പം തന്നെ വിദ്യാഭ്യാസ ചട്ടങ്ങൾ പരിഷ്കരിക്കണമെന്നും നിർദ്ദേശിച്ചു.

അതേസമയം റിപ്പോർട്ടിലെ ചില നിർദ്ദേശങ്ങളോട് സംഘടനകൾക്കുള്ള വിയോജിപ്പും ആശങ്കയും യോഗത്തിൽ പങ്കുവയ്ക്കുകയുണ്ടായി. 2006-07 മുതലുള്ള നിയമനനിരോധിത കാലയളവിലെ നിയമനങ്ങൾ നിയമനതീയതി മുതൽ തന്നെ അംഗീകരിക്കണം ഇതിലുണ്ടാകുന്ന അധികബാധ്യത മാനേജർമാരിൽ നിന്നും ഈടാക്കണം. അക്കൂട്ടത്തിൽ എയ്ജ് ഓവർ ആയവരെയും പരിഗണിച്ച് അംഗീകാരം നൽകണം. പുതിയ ചുമതലകൾക്ക് അനുസൃതമായി എൽ.പി., യു.പി. ഹെഡ്മാസ്റ്റർമാർ ക്ലാസ്സുകൾ കൂടി കൈകാര്യം ചെയ്യേണ്ടി വരുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അവരെ പ്രസ്തുത ചുമതലയിൽ നിന്നും ഒഴിവാക്കണം.

അധികതസ്തികയിലേയ്ക്കുള്ള നിയമനം പൂർണ്ണമായും വിട്ടുകൊടുക്കുന്നത് മാനേജർമാർക്ക് അനുകൂല സാഹചര്യം ഒരുക്കും. അതു അഴിമതിക്കിടയാക്കും. എയ്ഡഡ് മേഖലയിൽ നിന്നും അധ്യാപകർ സർക്കാർ സ്ക്കൂളുകളിൽ കൂടി പുനർവിന്യസിക്കപ്പെടുന്നതു വഴി പി.എസ്.സി. വഴിയുള്ള പുതിയ നിയമനത്തിന് തടസമാകും. 2011-2012 വർഷത്തിൽ നിയമനം കിട്ടിയവരെ ദിവസവേതനക്കാരാക്കുന്ന രീതിയിൽ യോജിക്കാൻ കഴിയുകയില്ല. ടീച്ചേഴ്സ് ബാങ്ക് എന്നത് പ്രായോഗികമായ നിർദ്ദേശമായി കരുതാൻ കഴിയില്ല. സ്പെഷ്യലിസ്റ്റ് ടീച്ചർമാരെ പ്രത്യേകമായി നിലനിർത്തുന്നതിന് പകരം സ്ക്കൂളിൽ നിലനിൽക്കുന്നതാകണം. പ്രൊട്ടക്റ്റഡ് ടീച്ചർമാരുടെ ശരിയായ വിന്യാസമാണു വേണ്ടത് അതിനുപകരം ബാങ്കിൽ ചേർക്കുന്നത് ഉചിതമല്ല. ടീച്ചേഴ്സ് ബാങ്കിലെ എല്ലാ പേർക്കും ശമ്പളം കിട്ടുമെന്ന് ഉറപ്പാക്കണം. വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്ന കാര്യം സ്പെഷ്യൽ സ്ക്കൂളുകളിലും നടപ്പാക്കി ഭാഷാദ്ധ്യാപകരുടെ

[illegible]

സ്വന്തം ചെലവിലുള്ള പഠന നിർദ്ദേശം എതിർക്കപ്പെടേണ്ടതാണ്. തുടർന്ന് സർക്കാർ നിർദ്ദേശങ്ങളിലെ ഇവിടെ അവതരിപ്പിക്കപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ബഹു. വിദ്യാഭ്യാസ മന്ത്രി യോഗത്തിന് മറുപടിയായി സംസാരിച്ചു.

യോഗത്തിലെത്തിയവർക്കുള്ള കൃതജ്ഞതയും അദ്ദേഹം അറിയിച്ചു. യോഗം 5.20 ന് അവസാനിച്ചു.

അനുബന്ധം II

## 12/08/2011 -ലെ ജി.ഒ. (പി) നം. 174/11/പൊ.വി. പ്രകാരം രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി അദ്ധ്യാപക സംഘടന പ്രതിനിധികളുമായി 14/09/2011- ൽ നടത്തിയ ചർച്ചയുടെ നടപടികുറിപ്പ്

അദ്ധ്യാപക സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുന്നതിനുതകും വിധം സമഗ്രപാക്കേജിന്റെ പ്രായോഗിക വശങ്ങളെകുറിച്ച് അതിലൂന്നിയുള്ള പൊതുചർച്ചയാണ് പ്രതീക്ഷിക്കുന്നതെന്നും മുഖവുരയായി മന്ത്രിസഭാ ഉപസമിതിയുടെ കൺവീനറും യോഗാദ്ധ്യക്ഷനുമായിരുന്ന ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി അറിയിച്ചു.

ബാങ്കിൽ നിന്നും ഒരാളെ മാത്രം നിയമിച്ച് ബാക്കിയുള്ള എല്ലാ നിയമനവും നടത്താൻ മാനേജർമാർക്ക് നൽകുന്ന അവകാശം ടിച്ചേഴ്സ് ബാങ്കിലുള്ള അദ്ധ്യാപകരുടെ പുനർവിന്യാസം ബാധിക്കുമെന്ന് അദ്ധ്യാപകർ ആശങ്ക പ്രകടിപ്പിച്ചു. ആയതിനാൽ 1:1 എന്ന അനുപാതം സ്വീകരിക്കണം. നിലവിൽ അംഗീകാരമില്ലാത്ത അദ്ധ്യാപകരുടെ നിയമനതീയതി മുതൽക്ക് തന്നെ അംഗീകാരം നൽകണമെന്ന് യോഗത്തിൽ ആവശ്യം ഉന്നയിച്ചു. സമൂഹത്തിലെ പൊതു സമ്മതനും വിദ്യാഭ്യാസ വിചക്ഷണനുമായ ആളിന്റെ അദ്ധ്യക്ഷതയിലുള്ള ആഡിറ്റ് മോണിറ്ററിംഗ് സമിതി അദ്ധ്യാപകരുടെ പ്രവർത്തനം വിലയിരുത്തുന്നത് ധാരാളം വിവാദങ്ങൾക്കും ആക്ഷേപങ്ങൾക്കും ഇടയാക്കുമെന്നതിൽ ഈ സമിതി അദ്ധ്യാപനരംഗത്തുള്ളവർ തന്നെയായിരിക്കണമെന്ന് ചർച്ചയിൽ പങ്കെടുത്തവർ ആവശ്യപ്പെട്ടു. സമഗ്രപാക്കേജിന്റെ ഫലമായുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് അടിയന്തിരമായി കെ.ഇ.ആർ. ഭേദഗതി വരുത്തണം. പ്രീഡിഗ്രി വേർപ്പെടുത്തിയതിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട സ്കൂളുകളിലെ അദ്ധ്യാപകനിയമനം സംബന്ധിച്ച് പ്രത്യേക കേസായി പരിഗണിക്കണമെന്നും ചർച്ചയിൽ ഉന്നയിച്ചു.

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 കുറയ്ക്കുന്നതനുസരിച്ച് ഭാഷാദ്ധ്യാപക തസ്തിക നിർണ്ണയത്തിനും അനുപാതം ആനുപാതികമായി കുറയ്ക്കണമെന്നും, ഭാഷാദ്ധ്യാപകർക്ക് പ്രഥമാദ്ധ്യാപക തസ്തികയിലേയ്ക്ക്

നിയമിക്കപ്പെടുന്നതിനുള്ള തടസ്സം ഇല്ലാതാക്കണമെന്നും, സ്പെഷ്യൽ സ്കൂളുകളിലെ അനുപാതത്തിലും മാറ്റം വരുത്തണമെന്നും യോഗത്തിൽ ആവശ്യം ഉന്നയിച്ചു.

ആവശ്യങ്ങൾ പരിശോധിച്ച് അനുയോജ്യമായ തീരുമാനം കൈക്കൊള്ളാമെന്നും ഉപസംഹാരമായി മന്ത്രി അറിയിച്ചു.